## യോഹന്നാൻ 3, 14–21 ദൈവ സ്നേഹത്തിന്റെ നിറക്കൂട്ട്

ദൈവം മനുഷ്യനെയും ലോകത്തെയും, സ്നേഹിക്കുന്നുവോ?. ജീവിത പ്രശനങ്ങളുടെ നടുവിൽ നിന്ന് വിയർക്കുമ്പോൾ, സഹനങ്ങളെന്നെ വേട്ടയാടുമ്പോൾ, പ്രകൃതിപോലം നമ്മുടെ ജീവിതത്തോട് കാരുണ്യം കാണിക്കാതെ വരുമ്പോൾ നാം ചോദിക്കുന്ന ചോദ്യങ്ങളാണിവ യൊക്കെ. ഇതിനൊക്കെ ഉത്തരമാണ് യോഹന്നാന്റെ സുവിശേഷം 3, 16.... എന്തെന്നാൽ അവ നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേ തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം ലോകത്തെ സ്നേഹിക്കുന്നു എന്നത് സത്യം. പക്ഷെ എത്രമാത്രം? തന്റെ ഏകജാതനെ നൽകു വാൻ തക്കവിധം സ്നേഹിച്ചു. ഇതിൽ കൂടുതൽ ദൈവത്തിന് നമ്മെ സ്നേഹിക്കുവാൻ സാധി ക്കുമോ? ഇത്രമാത്രം നമ്മെ സ്നേഹിച്ചിട്ടുള്ള മറ്റൊരു ദൈവത്തെയും നാം ഒരുമതത്തിലും കാണു ന്നുമില്ല. കാരണം 1യോഹന്നാൻ 4/9 ൽ പറയുന്നു് ദൈവം സ്നേഹമാണ്. സൂര്യന് ചൂട് നൽകാതിരിക്കാൻ കഴിയാത്തതുപോലെ, മഞ്ഞുകട്ടക്ക് തണുപ്പ് പകരാതിരിക്കാൻ കഴിയാത്ത തുപോലെ ദൈവത്തിന് സ്നേഹമാകാതിരിക്കാൻ കഴിയില്ല. ദൈവം സ്നേഹമായതുകൊ് ദൈവത്തിൽ നിന്നുവരുന്നതെല്ലാം സ്നേഹത്തിന്റെ പ്രകാശനങ്ങളാണ്.

ദൈവം സ്നേഹമാണെന്ന് എത്ര പ്രാവശ്യം നമ്മുടെ മനസ്സിനെ പറഞ്ഞ് പഠിപ്പിച്ചാലും പന്നെയും പിന്നെയും മുകളിൽ ഉദ്ധരിച്ച ചോദ്യങ്ങൾ വീും നാം ആവർത്തിക്കും. പിതാ വായ ദൈവത്തിന് പുത്രനോട് സ്നേഹമില്ലാത്തതുകൊാണോ പുത്രനെ സഹനത്തിന് വിട്ടു കൊടുത്തത്. രക്തം വിയർത്ത് പ്രാർത്ഥിച്ചിട്ടുപോലും മനുഷ്യപുത്രന്റെ പ്രാർത്ഥനകേൾക്കാൻ സന്നദ്ധനാകാത്ത പിതാവിനെയാണ് സുവിശേഷം വരച്ചുകാണിക്കുന്നത്. ഇത് സ്നേഹമില്ലാ ത്തതുകൊല്ല മറിച്ച് ദൈവം സ്നേഹിക്കുന്നത് ഇപ്രകാരമായതുകൊാണ്. കുരിശിലെ ക്രിസ്തു കാണിച്ചുതന്നത്..........സുഖസമൃദ്ധിയുടെ നടുവിലുള്ള സ്നേഹമല്ല മറിച്ച് സഹനത്തിന്റെ , നൊമ്പരങ്ങളുടെ, രക്തം ചിന്തലിന്റെ, സ്നേഹമാണ്. മാതാപിതാക്കൾ മക്കളെ ശിക്ഷിക്കുന്നത് സ്നേഹമില്ലാത്തതുകൊാണോ...അദ്ധ്യാപകർ കുട്ടികളെ വഴക്കുപറയുന്നത് സ്നേഹമില്ലാത്ത തുകൊാണോ.. അല്ല.. പിതാവ് പുത്രന്റെ പ്രാർത്ഥനകേൾക്കാത്തത് സ്നേഹമില്ലാത്തതുകൊ ല്ല. മറിച്ച് മനുഷ്യന്റെ വീടെുപ്പിന് പുത്രന്റെ രക്തം ചിന്തൽ അനിവാര്യമായതുകൊാണ്. അതുകൊ് നമ്മുടെ ജീവിതത്തിലെ കണ്ണീരിന്റെ കഥകൾ, നൊമ്പരത്തിന്റെ ഓർമ്മകൾ, സഹനത്തിന്റെ തീവ്രതകൾ, എല്ലാം ദൈവസ്നേഹത്തിന് വിരുദ്ധമല്ല മറിച്ച് നിന്റെ രക്ഷക്ക് അത് അനിവാര്യമായതുകൊാണ്.

കരിമ്പ്കൊ് ജൂസടിക്കുന്നത് നാം കിട്ടു്. മിഷിയനിലിട്ട് എത്ര ചതച്ചരിച്ചാലും കരിമ്പിൽ നിന്ന് വരുന്നത് മധുരമുള്ള ചാറുകളാണ്. നീ എത്ര ദൈവത്തെ മറന്നാലും ദൈവം നിനക്ക് സമ്മാനിക്കുന്നത് സ്നേഹത്തിൽ കലർത്തിലയ മധുരമുള്ള കരിമ്പിൻ ജൂസുകളായിരി ക്കും. കാരണം ദൈവം സ്നേഹമാണ്. ഈ സ്നേഹത്തിന്റെ നിറക്കൂട്ട് നിന്റെ ജീവിമാകുന്ന ക്യാൻവാസിൽ ചിലപ്പോൾ ദൈവം വരച്ചെന്നുവരാം. അവിടെ അത് ദൈവസ്നേഹത്തന്റെ നിറ ക്കൂട്ടാണെന്ന് നാം തിരിച്ചറിയണം.....പുത്രനെ നൽകുവാൻ തക്കവിധം ലോകത്തെ ദൈവം സ്നേഹിച്ചെങ്കിൽ പുത്രന്റെ രക്തത്തിലൂടെ വീടെുത്ത നിന്നെയും ദൈവം സ്നേഹിക്കുന്നു ്.. 1 കോറി 13, 7 സ്നേഹം സകലതും സഹിക്കുന്നു.. സകലതും വിശ്വസിക്കുന്നു..സകലതും പ്രത്യാശിക്കുന്നു..സകലത്തെയും അതിജീവിക്കുന്നു...ഇത് സാധിക്കണമെങ്കിൽ..

**1. ഏകജാതനിൽ വിശ്വാസം ഉായിരിക്കണം**

**2. നിത്യജീവൻ ആഗ്രഹിക്കുന്നവരാകണം**

ഇതുരുമില്ലാത്തവർക്ക് ദൈവസ്നേഹത്തന്റെ ഭാഷ മനസ്സിലാകില്ല..സ്നേഹം അനുഭ വമാകില്ല..

**ഫാ. ജോസഫ് കോയിക്കൽ**